പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

## (2019-2021)

**ഒൻപതാമത് റിപ്പോർട്ട്**

(2019 നവംബർ 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പ്രവാസികളുടെ പുനരധിവാസത്തിനും പ്രവാസി ക്ഷേമ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനുമായി പ്രവാസി ക്ഷേമനിധിയിലേയ്ക്ക് കൂടുതൽ ഫണ്ട് കണ്ടെത്തുന്നതിനായി പ്രവാസി ലോട്ടറി നടത്തുന്നത് സംബന്ധിച്ച്**

1435/2019.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## ഘടന

**അദ്ധ്യക്ഷൻ :**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം. എൽ. എ.

**അംഗങ്ങൾ :**

ശ്രീ. പാറക്കൽ അബ്ദുല്ല, എം. എൽ. എ.

ശ്രീ. വി. അബ്ദുറഹിമാൻ, എം. എൽ. എ.

ശ്രീ. ആന്റണി ജോൺ, എം. എൽ. എ.

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

ശ്രീ. പി. ജെ. ജോസഫ്, എം. എൽ. എ.

ശ്രീ. എം. രാജഗോപാലൻ, എം. എൽ. എ.

ശ്രീ. കാരാട്ട് റസാഖ്, എം. എൽ. എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസി ക്ഷേമ പ്രവർത്തനങ്ങളും കേരള പ്രവാസി കേരളീയ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളും വിപുലീകരിക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ ഫണ്ട് കണ്ടെത്തേണ്ടതുണ്ടെന്ന സമിതിയുടെ വിലയിരുത്തലിന്റെ ഭാഗമായി പ്രവാസി ലോട്ടറി നടത്തുന്നതിനായി പ്രവാസി കേരളീയ കാര്യം, നികുതി, ധനകാര്യം, ലോട്ടറി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി സമിതി 30-7-2019, 3-10-2019 എന്നീ തീയതികളിൽ യോഗം ചേർന്ന് ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ നിന്നു ലഭിച്ച വിവരങ്ങളുടെയും ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ കണ്ടെത്തലുകളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2019 നവംബർ മാസം 13-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*


തിരുവനന്തപുരം,
2019 നവംബർ 13.

# റിപ്പോർട്ട്

ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ നിന്ന് ചെറുതോതിൽ ബ്രിട്ടീഷ് കോളനികളായ മലേഷ്യ, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലേയ്ക്ക് കുടിയേറിപ്പാർത്ത മലയാളികൾ പിന്നീട് ആധുനിക വിദ്യാഭ്യാസത്തിന്റെ പിൻബലത്തിൽ മെച്ചപ്പെട്ട തൊഴിൽ മേഖലകൾ തേടി എണ്ണപ്പാടങ്ങളുടെ നാടായ ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ചുവടുമാറ്റി. അഭ്യസ്തവിദ്യരുടെ രൂക്ഷമായ തൊഴിലില്ലായ്മയും കാർഷിക മേഖലയുടെ തകർച്ചയുമാണ് ഇതിന് പ്രധാന കാരണങ്ങൾ. വിവിധ ഏജൻസികളുടെ കണക്ക് പ്രകാരം അന്താരാഷ്ട്ര കുടിയേറ്റം 90 കളിലെ 10 ലക്ഷത്തിൽ നിന്ന് 2013-ലെത്തുമ്പോൾ 24 ലക്ഷമാകുന്നു. എന്നാൽ കുടിയേറ്റ നിരക്കിൽ കുറവ് 2015-ന് ശേഷം വന്നിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിലേയ്ക്കായി മലയാളികൾ സമ്പാദിച്ച പണം ഒഴുക്കിയത് നിർമ്മാണ മേഖലയിലായിരുന്നു. ഇത് ഇതര സംസ്ഥാന തൊഴിലാളികൾക്ക് കേരളത്തിലേയ്ക്കുള്ള കുടിയേറ്റത്തിന് വഴിയൊരുക്കുകയും അവർക്ക് കേരളം ഗൾഫായി മാറുകയും ചെയ്തു.

അന്താരാഷ്ട്ര തലത്തിലുള്ള സാമ്പത്തിക മാന്ദ്യവും ഗൾഫ് നാടുകളിലെ നിതാഖത്, ലെവി സമ്പ്രദായങ്ങളും കേരളത്തിലേയ്ക്ക് പ്രവാസികളെ മടക്കിക്കൊണ്ടുവരുന്നു. ആയതിന്റെ കണക്ക് 90 കളുടെ അവസാനം 7.3 ലക്ഷമായിരുന്നുവെങ്കിൽ 2018 ആകുമ്പോഴേക്കും ഏകദേശം 13 ലക്ഷമാകുന്നു. തിരികെയെത്തുന്ന മലയാളികളിൽ ജില്ലാടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം മലപ്പുറത്തിനും രണ്ട്, മൂന്ന് സ്ഥാനങ്ങൾ യഥാക്രമം തിരുവനന്തപുരത്തിനും കോട്ടയത്തിനുമാണെന്ന് കാണാം.

<u>കേരളത്തിൽ തിരിച്ചു വരുന്ന പ്രവാസികളുടെ എണ്ണം</u>




(അവലംബം : കേരള കുടിയേറ്റസർവ്വേ 2018, സി.ഡി.എസ്., തിരുവനന്തപുരം.)

തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസം, സംസ്ഥാനം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനമായതൊന്നാണ്. ആയതിന് കാരണം അവർ അന്യനാട്ടുകളിൽ ആർജ്ജിച്ച നൈപുണ്യമോ തൊഴിൽ പരിചയമോ നാട്ടിൽ ഉപയോഗപ്പെടുത്തുന്നതിന് വേണ്ട തൊഴിൽ സാധ്യതകൾ ഇല്ലെന്നതുതന്നെയാണ്. തൊഴിൽ നഷ്ടപ്പെട്ട് പ്രതികൂല സാഹചര്യത്തിൽ ഹതാശരായി മടങ്ങി വരുന്നവർക്ക് നിത്യജീവിതം ചോദ്യചിഹ്നമാകുന്നു. വിശ്വസ്തതയോടും കാര്യക്ഷമതയോടും അന്യനാട്ടുകളിൽ ജോലി ചെയ്യുന്ന മലയാളിക്ക് കേരളത്തിലെ തൊഴിൽ സാഹചര്യങ്ങൾ വ്യത്യസ്തമാകുന്നു.

രാജ്യം രൂക്ഷമായ തൊഴിലില്ലായ്മ നേരിടുന്ന കാലഘട്ടത്തിൽ തൊഴിൽ പരിഷ്കാരങ്ങൾ ദുഷ്കരമാണെന്ന് കാണാം. അതിനിടയിൽ വിപ്ലവകരമായ മാറ്റമെന്ന നിലയിൽ തൊഴിലാളികളുടെ കഴിവും ജോലിയുടെ സ്വഭാവവും കൂടി പരിഗണിച്ച് 'കോഡ് വേജസ് ബിൽ' പാർലമെന്റ് പാസ്സാക്കിയത് തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നുവെന്നത് ആശ്വാസകരമാണ്. 'തൊഴിൽ' ഉൾപ്പെടുന്നത് കൺകറന്റ് ലിസ്റ്റിൽ ആയതിനാൽ പ്രസ്തുത വിഷയത്തിന്മേൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നത് കേന്ദ്ര സംസ്ഥാന സർക്കാരുകളാണ്.

പ്രവാസി ക്ഷേമത്തിനായി സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രവാസ ജീവിതം മതിയാക്കി തിരികെയെത്തുന്നവരുടെ പുനരധിവാസത്തിനായി തൊഴിൽ അവസരങ്ങൾ കണ്ടെത്തി സഹായിക്കുന്നതിനും പുതിയ സംരംഭങ്ങൾ സർക്കാർ നടപടികൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്നതിനും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്'. സർക്കാർ റിപ്പോർട്ട് പ്രകാരം ടി പദ്ധതി കാര്യക്ഷമമാക്കിയതിന്റെ ഭാഗമായി ഇപ്പോൾ 14 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രത്തിൽ ഏർപ്പെടാൻ കഴിഞ്ഞിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷത്തിൽ തിരികെയെത്തിയ പ്രവാസികൾ 328 സംരംഭങ്ങൾ ആരംഭിച്ചിരുന്നു. 2017-18-ൽ ആയത് 413-ആയും 2018-19-ൽ 791 ആയും വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) 791 ഗുണഭോക്താക്കൾക്കായി/ സംരംഭകർക്കായി സബ്സിഡി ഇനത്തിലും ഗുണഭോക്താക്കളുടെ വർക്ക്ഷോപ്പ്, സംരംഭകത്വ പരിശീലനം എന്നിവയുമായി ബജറ്റ് വിഹിതമായ 15 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ച് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

ഈ പദ്ധതിയുമായി ഇപ്പോൾ കൂടുതൽ ബാങ്കുകൾ സഹകരിക്കുന്നതിനാൽ നിരവധി ബ്രാഞ്ചുകൾ മുഖാന്തരം പദ്ധതിയുടെ സേവനം കൂടുതൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് സമിതി നിരീക്ഷിക്കുന്നു. എന്നിരുന്നാലും ബാങ്കുകളിൽ വായ്പ്പ് അപേക്ഷി

കുന്നവരും വായ്പ ലഭിക്കുന്നവരും തമ്മിലുള്ള അനുപാതം വളരെ കുറവാണ് എന്നതാണ് ഈ പദ്ധതി നേരിടുന്ന പ്രധാന വെല്ലുവിളി. ആയതിനായി ഉന്നതതല ബാങ്കിംഗ് സമിതിയുമായി സർക്കാർ തലത്തിൽ ചർച്ച നടത്തേണ്ടതുണ്ടെന്ന് സമിതി നിർദ്ദേശിക്കുന്നു. സംരംഭകർക്കു വേണ്ട അവബോധവും പരിശീലനവും നൽകുക, തെരഞ്ഞെടുക്കുന്ന പദ്ധതികളുടെ വിശകലനം നടത്തി ബാങ്കുകളുടെ വ്യവസ്ഥകൾക്കനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സഹായിക്കുക എന്നിവ മാനേജ്മെന്റ് സ്ഥാപനമായ സെന്റർ ഫോർ ഡെവലപ്മെന്റ് ചെയ്തുവരുന്നുണ്ട്. ഇതിലൂടെ ഇത്തരം വെല്ലുവിളികളെ ഒരു പരിധി വരെ മറികടന്ന് മടങ്ങിയെത്തിയ പ്രവാസികൾക്ക് വിജയകരമായി സംരംഭങ്ങൾ തുടങ്ങുവാനും നടത്തിക്കൊണ്ടുപോകുവാനും സാധിക്കുന്നതാണെന്ന് സമിതി നിരീക്ഷിക്കുന്നു.

## സർക്കാർ നടപ്പിലാക്കി വരുന്ന പ്രധാനപ്പെട്ട പ്രവാസി ക്ഷേമ പദ്ധതികൾ

### സാന്ത്വന ധനസഹായ പദ്ധതി

തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്ക വകുപ്പ് നടപ്പാക്കുന്ന ദുരിതാശ്വാസ പദ്ധതിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം താഴെ സൂചിപ്പിക്കുന്ന വിധം ധനസഹായം നൽകി വരുന്നു.

- മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി പരമാവധി ഒരു ലക്ഷം രൂപ.
- വിദേശത്ത് നിന്നും തിരികെയെത്തിയ പ്രവാസികളിൽ രോഗങ്ങളാൽ ദുരിതം അനുഭവിക്കുന്നവർക്ക് ചികിത്സാ ധനസഹായം (കാൻസർ, ഹൃദയ ശസ്ത്രക്രിയ, ഗുരുതര വൃക്കരോഗം, പക്ഷാഘാതം, അപകടംമൂലമുള്ള സ്ഥിര അംഗവൈകല്യം തുടങ്ങിയവയ്ക്ക് പരമാവധി 50,000 രൂപയും മറ്റ് രോഗങ്ങളുടെ ചികിത്സയ്ക്ക് 20,000 രൂപ വരെയും).
- സാമ്പത്തികമായി പിന്നാക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായമായി 15,000 രൂപ.
- പ്രവാസികളായ കേരളീയർക്കും അവരുടെ ആശ്രിതർക്കും അംഗവൈകല്യ പരിഹാരത്തിനായി കൃത്രിമക്കാൽ, ഊന്നുവടി, വീൽച്ചെയർ മുതലായവ വാങ്ങുന്നതിന് പരമാവധി 10,000 രൂപ വരെ.

## കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പെൻഷൻ പദ്ധതിയും മറ്റ് ആനുകൂല്യങ്ങളും

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത്. ഈ ആക്ടിലെ 3-ാം. വകുപ്പ് പ്രകാരമാണ് പ്രവാസി കേരളീയരുടെ ക്ഷേമത്തിനായി ഒരു നിധി രൂപീകരിച്ചിട്ടുള്ളത്.

ആക്ടിലെ 3-ാം വകുപ്പിലെ 2-ാം ഉപവകുപ്പ് പ്രകാരം താഴെപ്പറയുന്ന വരവുകളാണ് നിധിയിലേക്കായി നിശ്ചയിച്ചിട്ടുള്ളത്.

(1) 4-ാം വകുപ്പ് പ്രകാരമുള്ള അംശദായങ്ങൾ

അർഹരായ പ്രവാസി കേരളീയരിൽ നിന്നും ശേഖരിക്കുന്ന പ്രതിമാസ അംശദായം (വിദേശത്ത് ജോലിയിൽ തുടരുന്ന പ്രവാസി കേരളീയൻ അംഗം (1 എ) 300 രൂപയും, വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ തിരിച്ചെത്തിയ പ്രവാസി കേരളീയൻ അംഗം (1 ബി) 100 രൂപയും, കേരളത്തിനുപുറത്ത് മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന/ താമസിച്ചുവരുന്ന പ്രവാസി കേരളീയൻ (ഭാരതം) അംഗം (2 എ) 100 രൂപയും പ്രതിമാസം അടയ്ക്കേണ്ടതുണ്ട്;

(2) ഭാരതസർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനമോ/സംഘടനയോ നൽകുന്ന ഗ്രാന്റുകൾ, വായ്പകൾ അല്ലെങ്കിൽ മുൻകൂറുകൾ;

(3) ഭാരതത്തിലോ വിദേശത്തോ ഉള്ള ഏതെങ്കിലും ഒരു വ്യക്തിയിൽ നിന്നോ ഏതെങ്കിലും സംഘടനയിൽ നിന്നോ ഭാരതത്തിലെയോ വിദേശത്തെയോ ഏതെങ്കിലും സർക്കാർ ഏജൻസികളിൽ നിന്നോ മറ്റ് ഏതെങ്കിലും ഉറവിടങ്ങളിൽ നിന്നോ ഉള്ള സംഭാവനകൾ;

(4) ഈ ആക്ടും പദ്ധതിയും പ്രകാരം ശേഖരിച്ച അപേക്ഷ/രജിസ്ട്രേഷൻ ഫീസ് അല്ലെങ്കിൽ മറ്റേതെങ്കിലും ഫീസ്;

(5) 13-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുക;

(6) ബോർഡ് നടത്തിയ ഏതെങ്കിലും നിക്ഷേപത്തിന്മേലോ ഓഹരിയിൽ നിന്നോ ഉള്ള ഏതെങ്കിലും ലാഭം അഥവാ ലാഭവിഹിതം അഥവാ മറ്റ് വരുമാനം;

(7) ഈ ആക്ടിലെ ഏതെങ്കിലും വ്യവസ്ഥ പ്രകാരമോ അല്ലെങ്കിൽ പദ്ധതി പ്രകാരമോ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, അംഗങ്ങളുടെ ഏതെങ്കിലും അവകാശപ്പെടാത്ത സഞ്ചിതതുക;

(8) നിധിയിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ ബോർഡ് ശേഖരിക്കുന്ന തുക.

പ്രതിമാസം 300 രൂപ നിരക്കിൽ അംശദായമടച്ചുവരുന്ന പ്രവാസി കേരളീയൻ (വിദേശം) (1 എ വിഭാഗം) അംഗങ്ങൾക്കും 100 രൂപ അടയ്ക്കുന്ന തിരിച്ചുവന്ന പ്രവാസി കേരളീയൻ (വിദേശം) (1 ബി വിഭാഗം) അംഗങ്ങൾക്കും 2,000 രൂപ നിരക്കിലാണ് പെൻഷൻ അനുവദിച്ചുവരുന്നത്. 1 എ വിഭാഗത്തിൽ അംഗത്വമെടുത്ത ഒരംഗത്തിന്,

ജോലി മതിയാക്കി നാട്ടിൽ തിരിച്ചെത്തിയാലും അംഗത്വമെടുത്ത കാറ്റഗറിയിൽ തന്നെ തുടരാമെങ്കിലും പെൻഷൻ തുകയിൽ വ്യത്യാസമില്ലാത്തതിനാൽ ഭൂരിഭാഗം അംഗങ്ങളും തിരിച്ചെത്തുമ്പോൾ കാറ്റഗറി വ്യതിയാനത്തിനായി അപേക്ഷിക്കുകയും കാറ്റഗറി മാറ്റം വരുത്തുകയും ചെയ്യുന്നു. ഇത് അംശദായമായി ലഭിക്കുന്ന വരുമാനത്തെ സാരമായി ബാധിക്കുന്നു. 300 രൂപ നിരക്കിൽ അംശദായമടച്ച് വരുന്ന പ്രവാസി കേരളീയൻ (വിദേശം) (1എ വിഭാഗം) അംഗങ്ങളുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിലൂടെ ഈ സാഹചര്യത്തിന് ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.

നിലവിൽ 30 ലക്ഷത്തോളം പ്രവാസികൾ രാജ്യത്തിന് പുറത്ത് ജോലി ചെയ്യുന്നുണ്ടെന്നും, രാജ്യത്തിനകത്തുതന്നെ കേരളത്തിനു പുറത്തായി ജോലി ചെയ്യുന്ന മലയാളികൾ ലക്ഷക്കണക്കിനുണ്ടെന്നും ഈ രണ്ടുവിഭാഗങ്ങൾക്കും വേണ്ടി രൂപീകരിച്ചിട്ടുള്ള കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം 4.10 ലക്ഷം മാത്രമാണെന്നും സമിതി മനസ്സിലാക്കുന്നു. 30-40 ലക്ഷം പ്രവാസികൾ ഉള്ളിടത്ത് ഇവർക്കായുള്ള ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം ഇത്രയും കുറവാണെന്നും കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിലാണ് 1,10,000 പേരിൽ നിന്നും 4 ലക്ഷത്തിന് മുകളിലേക്ക് അംഗങ്ങളെ ചേർക്കാൻ കഴിഞ്ഞതെന്നും ആയതിന്റെ പ്രധാന കാരണം ക്ഷേമനിധി പെൻഷൻ 500 രൂപയിൽ നിന്നും 2,000 രൂപയാക്കി വർദ്ധിപ്പിച്ചതാണെന്നും സമിതി വിലയിരുത്തുന്നു. പ്രവാസികൾ ക്ഷേമനിധിയിൽ ചേരാതിരിക്കുന്നതിന്റെ മുഖ്യകാരണമായി സമിതി മനസ്സിലാക്കുന്നത് പെൻഷൻ തുകയിലെ കുറവ് തന്നെയാണ്.

നിലവിൽ 148 കോടി രൂപ നിക്ഷേപമുള്ള ക്ഷേമനിധിയിൽ നിന്ന് 12000 പേരോളം പെൻഷൻ വാങ്ങുന്നുണ്ടെന്നും ഓരോ മാസവും അധികമായി 500 പേർക്ക് പെൻഷൻ കൊടുക്കേണ്ടി വരുന്നുണ്ടെന്നും ഇത്തരത്തിൽ പെൻഷൻ കൊടുക്കേണ്ടവരുടെ എണ്ണം കൂടുന്നതു കാരണം പെൻഷൻ ബാദ്ധ്യത വർദ്ധിക്കുകയാണെന്നും അത് ഒരു ഘട്ടത്തിലെത്തുമ്പോൾ കോർപ്പസ് ഫണ്ടിലേക്കുള്ള അംശദായത്തിന്റെ വരവിനേക്കാൾ അധികരിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. മറ്റ് ക്ഷേമനിധികളിൽ തൊഴിലാളിയുടെയും തൊഴിലുടമയുടെയും വിഹിതം ലഭിക്കുന്നുണ്ടെങ്കിലും പ്രവാസി ക്ഷേമനിധി അപ്രകാരമല്ല പ്രവർത്തിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

ആയതിനാൽ ക്ഷേമനിധിയുടെ നിക്ഷേപം കൂട്ടേണ്ടത് അനിവാര്യമാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ സർക്കാർ സ്പോർട്സ്, സാംസ്കാരിക ക്ഷേമനിധി എന്നിവയ്ക്ക് ഫണ്ട് കണ്ടെത്തുന്നതിനായി സ്പെഷ്യൽ ലോട്ടറി നടത്തിയതിന്റെ മാതൃകയിൽ പ്രവാസി ക്ഷേമനിധിക്കായി ലോട്ടറി നടത്തുന്നതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് മനസ്സിലാക്കാനായി പ്രവാസി കേരളീയകാര്യം, നികുതി, ധനകാര്യം,

ലോട്ടറി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി 30-7-2019, 3-10-2019 എന്നീ തീയതി കളിൽ യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരം വിലയിരുത്തലുകൾ നടത്തുകയുമുണ്ടായി.

പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തിയാൽ മാത്രമേ അതിലെ അംഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിച്ച് സമയബന്ധിതമായി ലഭ്യമാക്കാൻ സാധിക്കൂ എന്ന് സമിതി മനസ്സിലാക്കുന്നു.

കേരള പ്രവാസി ക്ഷേമ ബോർഡിൽ നിലവിൽ ഓരോമാസവും പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുമായി ഏകദേശം $4^1/_2$ കോടി രൂപയോളം ചെലവാകുന്നുണ്ട്. പെൻഷൻ കാരുടെ എണ്ണം വർദ്ധിക്കുന്നതിനാൽ ഓരോ വർഷവും ഇരുപത് കോടി രൂപയോളം അധികമായി വേണ്ടി വരും എന്ന് കണക്കാക്കുന്നു. 18 വയസ്സ് മുതൽ അംഗത്വം എടുക്കാമെങ്കിലും ഭൂരിപക്ഷവും 50 വയസ്സ് കഴിഞ്ഞശേഷമാണ് അംഗത്വമെടുക്കുന്നത്. തന്മൂലം 60 വയസ്സ് കഴിഞ്ഞവരുടെ സംഖ്യ കൂടിവരികയും പെൻഷൻകാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. ബോർഡിലെ നിലവിലെ അംഗങ്ങൾക്ക് 60 വയസ്സ് ആകുന്നതനുസരിച്ച് തയ്യാറാക്കിയ കണക്ക് പ്രകാരം പെൻഷൻ ഇനത്തിൽ 2020-ൽ 64 കോടി രൂപയും 2021-ൽ 85 കോടിയും വേണ്ടിവരുമെന്നാണ്. ഇത്തരത്തിലുള്ള വർദ്ധനവ് ഭാവിയിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയായി ബോർഡിന്റെ നിലനില്പിന് ഭീഷണിയാകുമെന്നത് ആശങ്കാജനകമാണ്. ആയതിനാൽ അതിജീവനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

കേരളത്തിന്റെ സമ്പദ്ഘടനയുടെ ഏറ്റവും വലിയ ശക്തികളായ പ്രവാസികൾ ഇരുപതോ അതിൽ കൂടുതലോ വർഷം വിദേശത്ത് ജോലി ചെയ്ത് നാട്ടിലെത്തുമ്പോൾ പ്രത്യേകിച്ച് ഒരു വരുമാനവും ഇല്ലാതെയാകുന്ന അവർക്ക് ക്ഷേമനിധി വളരെയധികം ആശ്വാസമാണ്. ക്ഷേമ ബോർഡിന്റെ അംശദായവും സർക്കാരിന്റെ ബഡ്ജറ്റ് ഗ്രാന്റും മാത്രമാണ് വരുമാന ഇനത്തിൽ വരുന്നത്. ആയതിന്റെ സാമ്പത്തികഭദ്രത നിലനിർത്തുന്നതിനായി വർഷത്തിൽ ഒരു തവണ പ്രവാസി ലോട്ടറി നടത്തുക എന്ന ആശയം സമിതി മുന്നോട്ടുവയ്ക്കുന്നു. ലോക കേരള സഭയുടെ അടുത്ത സമ്മേളനത്തിൽ ഇത്തരത്തിൽ ഒരു ശിപാർശ സർക്കാർ ഏറ്റെടുത്ത് നികുതി-ലോട്ടറി വകുപ്പുകൾ പദ്ധതി നടപ്പിലാക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

## നിഗമനങ്ങൾ /ശിപാർശകൾ

1. പ്രവാസികളുടെ സുരക്ഷയ്ക്കും സാമ്പത്തികഭദ്രതയ്ക്കും വളരെയധികം കാര്യങ്ങൾ ചെയ്യാൻ കേരള പ്രവാസി ക്ഷേമ ബോർഡിന് സാധിച്ചിട്ടുണ്ട്. എന്നാൽ രൂക്ഷമായ സാമ്പത്തികപ്രതിസന്ധി സമീപഭാവിയിൽ ഉണ്ടാകുമെന്നതിനാൽ വർഷത്തിൽ തുടക്കത്തിൽ ഒരു തവണയെന്ന രീതിയിൽ, ഒരു

ലോട്ടറി നടത്തിയാൽ ഉണ്ടാകുന്ന ലാഭം ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടാകും എന്ന് സമിതി മനസ്സിലാക്കുന്നു. വിദേശത്ത് ലോട്ടറി വില്പന അപ്രാപ്യമായതിനാൽ പ്രവാസി സംഘടനകളെ സ്പോൺസർ ചെയ്യിപ്പിച്ച് ലോട്ടറി വില്പന നടത്തേണ്ടതുണ്ട്. ആയതിനാൽ ലോട്ടറി വകുപ്പ് നിലവിൽ നടത്തിവരുന്ന ഏതെങ്കിലും ഒരു ബമ്പർ ലോട്ടറി ഇതിനുവേണ്ടി പ്രത്യേകം മാറ്റണമെന്നും അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും നികുതി വകുപ്പ് അടിയന്തരമായി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

2. പ്രവാസ ലോകത്തിന്റെ പുത്തൻപ്രതീക്ഷയായി മുഴുവൻ പ്രവാസികളിലും ലോട്ടറി സംബന്ധിച്ച വിവരങ്ങൾ എത്തിക്കുന്നതിന് ദൃശ്യശ്രാവ്യപത്രമാദ്ധ്യമങ്ങളുടെ പങ്ക് നിസ്തുലമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ലോട്ടറി സംബന്ധിച്ച വിശദാംശങ്ങളും നടപടിക്രമങ്ങളും കാലവിളംബം കൂടാതെ ജനങ്ങളിലെത്തിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. പ്രവാസികളെ സഹായിക്കുന്നതിന് വേണ്ടി കേരളത്തിൽ ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത ഒരു സംവിധാനം എന്ന നിലയിൽ 'പ്രവാസി ലോട്ടറി' നടപ്പാക്കുന്നതിൽ കേരളീയ പ്രവാസികാര്യ വകുപ്പിനെയും ലോട്ടറി വകുപ്പിന്റെ ഏജൻസികളേയും ഏകോപിപ്പിച്ച് രൂപരേഖ തയ്യാറാക്കണമെന്നും, നിലവിലുള്ള നിയമപ്രകാരം കേരള ലോട്ടറി കേരളത്തിന് പുറത്തോ, വിദേശത്തോ വിൽപ്പന നടത്താൻ സാധിക്കാത്തതിനാൽ നാട്ടിലുള്ള പ്രവാസികളുടെ ബന്ധുക്കളുടെ പങ്കാളിത്തം കൂടുതൽ ഉറപ്പാക്കി ടിക്കറ്റുകൾ അവർ മുഖാന്തരം എടുക്കുന്ന സംവിധാനം നടപ്പാക്കണമെന്നും ഇതിനു വേണ്ടി ജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള നടപടി പ്രവാസി കേരളീയ വകുപ്പ് സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. വിദേശത്തുള്ള കേരളീയർക്ക് പ്രവാസി ലോട്ടറി നേരിട്ട് എടുക്കാൻ സാധിക്കില്ലെങ്കിലും നാട്ടിലേയ്ക്ക് വരുന്നവർക്കായി കേരളത്തിലെ വിമാനത്താവളങ്ങളിൽ ഒരു പ്രത്യേക സംവിധാനം താല്ക്കാലികമായി സൃഷ്ടിച്ച് ലോട്ടറി വില്പന നടത്തുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗത്വം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവത്കരണത്തിനായി ജില്ലാതല ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് പ്രതീക്ഷയുളവാക്കുന്ന വസ്തുതയാണ്. എന്നിരുന്നാലും ബോർഡിന്റെ സേവനങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനും പരാതികൾ

പരിഹരിക്കുന്നതിനുമായി അദാലത്തുകൾ സംഘടിപ്പിക്കണമെന്നും പ്രവാസികൾ വസിക്കുന്ന രാജ്യങ്ങളിലെ എമ്പസികൾ വഴിയോ നോർക്ക വഴിയോ ക്യാമ്പയിൻ നടത്തേണ്ടതുണ്ടെന്നും, നാട്ടിൽ നിന്ന് മടങ്ങുന്ന അവസരത്തിൽ വിമാനത്താവളങ്ങളിൽ നിന്ന് തന്നെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് അംഗത്വം എടുക്കുന്നതിന് അടിയന്തര സംവിധാനം ഉണ്ടാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2019 നവംബർ 13.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*